**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1959** **04-02-2026 - ൽ മറുപടിയ്ക്ക്**

**പഴമ്പാലക്കോട് എസ്. എം. എച്ച്. എസ്. എസ്. സ്കൂൾ ഗ്രൗണ്ട് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പഴമ്പാലക്കോട് എസ്. എം. എച്ച്. എസ്. എസ്. സ്കൂൾ ഗ്രൗണ്ട് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും ആയത് എപ്പോൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (എ) | പഴമ്പാലക്കോട് എസ്.എം.എം എച്ച്.എസ്.എസ് ഗ്രൗണ്ട് വികസന പ്രവൃത്തിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും സ്പോർട്സ് കേരള ഫൗണ്ടേഷൻ 93.89 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. പ്രകാശൻ. കെ.വി, പഴയന്നൂർ എന്ന കരാറുകാരനാണ് 79.18 ലക്ഷം രൂപയ്ക്ക് 24.06.2025 തീയതിയിൽ ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, കബഡി കോർട്ട്, ടോയ്ലെറ്റ് ബ്ലോക്ക്, റീട്ടൈനിംഗ് വാൾ, ഫെൻസിംഗ്, ഡ്രെയിൻ, ഗേറ്റ്, കോമ്പൗണ്ട് വാൾ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കോമ്പൗണ്ട് വാൾ, ഫെൻസിംഗിന്റെ ഫ്രെയിം വർക്ക്, ഗ്രൗണ്ട് ലെവലിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടോയ്ലെറ്റ് ബ്ലോക്കിന്റെ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. നിലവിൽ 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 മാർച്ച് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ